# ഭരണഭാഷ - മാതൃഭാഷ


സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com

04712561307


**<u>നടപടിക്രമം</u>**

വിദ്യാഭ്യാസം - സാങ്കേതികം - ശ്രീമതി ഷമീന പി എം , ട്രേഡ്സ്മാൻ (ഇലക്ട്രോണിക്സ്) - വിദേശത്തുള്ള ജീവിത പങ്കാളിയോടൊപ്പം താമസിക്കുന്നതിലേക്കായി കെ എസ് ആർ ഭാഗം I അനുബന്ധം XII C പ്രകാരം അനുവദിച്ച ശൂന്യ വേതനാവധിയുടെ വിനിയോഗിക്കാത്ത കാലയളവ് റദ്ദ് ചെയ്ത് തിരികെ സേവനത്തിൽ പുന : പ്രവേശിക്കാൻ അനുവാദം നല്കി - ഉത്തരവ് – പുറപ്പെടുവിക്കുന്നു -

---

ജീവനക്കാര്യം (ബി). - വിഭാഗം

നം: EB3/46238/19/ഡി.ടി.ഇ                തിരുവനന്തപുരം , തീയതി: 06.05.2021

---

വായന:- 1) 18.02.2015 തീയതിയിലെ ഈ കാര്യാലയത്തിലെ ഇബി 3/ 1188/15 നമ്പർ ഉത്തരവ്

2)21.05.2020 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്

3) ശ്രീമതി ഷമീന പി എം ൻറെ 17.02.2021 തീയതിയിലെ അപേക്ഷ.

**<u>ഉത്തരവ്</u>**

സുൽത്താൻബത്തേരി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലെ ട്രേഡ്സ്മാൻ (ഇലക്ട്രോണിക്സ്) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ഷമീന പി എം ന വായന (1) ഉത്തരവിൻറെ അടിസ്ഥാനത്തിൽ കെ എസ് ആർ ഭാഗം I അനുബന്ധം XII C പ്രകാരം , വിദേശത്തുള്ള ജീവിത പങ്കാളിയോടൊപ്പം താമസിക്കുന്നതിലേക്കായി 5 (അഞ്ച്) വർഷത്തേക്ക് ശൂന്യ വേതനാവധി അനുവദിക്കുകയും, ടി യാൾ 07.06.2015 മുതൽ അവധിയിൽ പ്രവേശിക്കുകയും ചെയ്യുകയുണ്ടായി . പ്രസ്തുത അവധിയുടെ കാലയളവ് 06.06.2020 ന അവസാനിക്കുന്നതിനാൽ , ടി യാൾ തുടർന്നും വിദേശത്തുള്ള ജീവിത പങ്കാളിയോടൊപ്പം താമസിക്കുന്നതിലേക്കായി 07.06.2020 മുതൽ 5 (അഞ്ച്) വർഷത്തേക്ക് കൂടി ശൂന്യ വേതനാവധിയുടെ കാലയളവ് ദീർഘിപ്പിക്കുന്നതിന് അപേക്ഷിച്ചിരുന്നു . ആകയാൽ വായന (2) ഉത്തരവ് പ്രകാരം, ശ്രീമതി ഷമീന പി എം ന 07.06.2020 മുതൽ 5 (അഞ്ച്) വർഷത്തേക്ക് കൂടി വിദേശത്തുള്ള ജീവിത പങ്കാളിയോടൊപ്പം താമസിക്കുന്നതിലേക്കായി ശൂന്യ ശൂന്യവേതനാവധി അനുവദിച്ചിരുന്നു.

എന്നാൽ വായന (3) ലെ അപേക്ഷ പ്രകാരം , ശ്രീ മതി ഷമീന പി എം, ടി യാൾക്ക് അനുവദിക്കപ്പെട്ട ശൂന്യവേതനാവധിയുടെ വിനിയോഗിക്കാത്ത കാലയളവ് റദ്ദ് ചെയ്ത് സേവനത്തിൽ പുന പ്രവേശിക്കുന്നതിനായി അപേക്ഷിച്ചിരിക്കുന്നു .

മേൽ സാഹചര്യത്തിൽ ശ്രീമതി ഷമീന പി എം , ട്രേഡ്സ്മാൻ (ഇലക്ട്രോണിക്സ്) -ൻറെ അപേക്ഷ പരിഗണിച്ച് വയനാട് മാനന്തവാടി ഗവൺമെൻറ് എഞ്ചിനീയറിങ് കോളേജിൽ ട്രേഡ്സ്മാൻ (ഇലക്ട്രോണിക്സ്) തസ്തികയിൽ നിലവിലുള്ള ഒഴിവിൽ ജോലിയിൽ പുന:പ്രവേശിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ശ്രീമതി ഷമീന പി എം , സ്ഥാപന മേധാവിക്കു മുൻപാകെ **2020-21 വേനലവധി കഴിയുന്നതനുസരിച്ച് , 01.06.2021 നോ അതിനു ശേഷമോ എന്നാൽ 11.06.2021 ന മുൻപായി** കർത്തവ്യനിർവ്വഹണത്തിന് ഹാജരാകേണ്ടതാണ്. ടി കാലയളവിനുള്ളിൽ ജോലിയിൽ പുന പ്രവേശിക്കാത്തപക്ഷം ടി യാളുടെ മേൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്.


Draft #4 of File EB3/46238/19/DTE Approved by Senior Joint Director (ECS) on 06-May-2021 12:47 PM - Page 1

സ്ഥാപന മേധാവി ശ്രീമതി ഷമീന പി എം , ജോലിയിൽ പുനപ്രവേശിക്കുന്ന തീയതി ഈ കാര്യാലയത്തിലേയ്ക്ക് രേഖാമൂലം അറിയിക്കേണ്ടതാണ്.

ഒപ്പ്/-

ഡോ. സിസ തോമസ്
സീനിയർ ജോയിൻറ് ഡയറക്ടർ (ഇ സി എസ്)

പകർപ്പ്

1)ശ്രീമതി ഷമീന പി എം ,ഒതയോത്ത്(ഹൌസ് ) പൂമല (പോസ്റ്റ് ) സുൽത്താൻബത്തേരി ,വയനാട് - 673 592 (രജി പോസ്റ്റ് എ ഡി സഹിതം )

2) പ്രിൻസിപ്പാൾ , ഗവൺമെൻറ് എഞ്ചിനീയറിങ് കോളേജ് , മാനന്തവാടി ,വയനാട്

3)ഇജി സെക്ഷൻ

4 )കരുതൽ ഫയൽ

5) ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #4 of File EB3/46238/19/DTE Approved by Senior Joint Director (ECS) on 06-May-2021 12:47 PM - Page 2